# എന്റെ രാജ്യം
# എന്റെ സ്വർഗ്ഗം



न्याय सब के लिए
ACCESS TO JUSTICE FOR ALL

കേരള സംസ്ഥാന നിയമ സേവന അതോറിറ്റി

# എന്റെ രാജ്യം
# എന്റെ സ്വർഗ്ഗം

**കേരള സംസ്ഥാന നിയമ സേവന അതോറിറ്റി**
**കൊച്ചി - 682 031**

# അവതാരിക

നിയമസാക്ഷരത, നിയമബോധനം എന്നീ പ്രക്രിയകളിൽ കൂടി യഥാർത്ഥത്തിൽ സംഭവിക്കേണ്ടത് ജനതയുടെ നീതിബോധം വളരുക എന്നതാണ്. നിയമസാക്ഷരതയിലൂടെ നീതിബോധം വളരുമ്പോൾ സമൂഹത്തിന് ഉതകുന്ന ആർജ്ജവത്തോടുള്ള പൗരാവലി വാർത്തെടുക്കപ്പെടും. അങ്ങനെയുള്ള ഒരു ജനാധിപത്യ രാജ്യം പരസ്പര ബഹുമാനവും തുല്യതാഭാവവും ആദർശ നിബിഡവും ആയ സമ്പദ്സമൃദ്ധിയിലൂടെ മുന്നോട്ടു പോകും.

മൗലികമായതെന്തും മൂല്യാധിഷ്ഠിതമായിരിക്കും. കർത്തവ്യങ്ങൾ നിർവ്വഹിക്കുമ്പോൾ മാത്രമാണ് ഒരു വ്യക്തി അവകാശങ്ങൾക്ക് ആധികാരികമായ അർഹത നേടുന്നത്. മൗലികമായ കർത്തവ്യങ്ങൾ സാമൂഹിക ജീവികളുടെ വ്യക്തിമുദ്രയാണ്. രാഷ്ട്രത്തിന്റെ ചിഹ്നങ്ങളാണ് മൗലിക കർത്തവ്യങ്ങൾ നിർവ്വഹിക്കുന്ന പൗരന്മാർ. ഇന്ത്യൻ ഭരണഘടന ചൂണ്ടിക്കാണിക്കുന്ന മൗലിക കർത്തവ്യങ്ങൾ വഴിവിളക്കുകളാണ്. അവയുടെ വെളിച്ചത്തിൽ സമൂഹം ചലിക്കുമ്പോൾ യഥാർത്ഥത്തിൽ ജീവിക്കുന്നത് ഭാരതത്തിന്റെ സമൂല സന്തുലിതയാണ്.

*'ജനനീ ജന്മഭൂമിശ്ച സ്വർഗ്ഗാതപി ഗരീയസ്സി'* എന്ന ഭാരതീയ ചിന്താശകലം മൗലിക കർത്തവ്യങ്ങളിൽ അധിഷ്ഠിതമായ ജീവിതം നയിക്കുവാൻ ഇന്ത്യക്കാരായ നമ്മെ പ്രേരിപ്പിക്കണം. അതിലേക്കുള്ള ഒരു ചൂണ്ടുപലകയായി ഇന്ത്യൻ ഭരണഘടനയിൽ എടുത്ത് പറഞ്ഞിരിക്കുന്ന മൗലിക കർത്തവ്യങ്ങളെ **'എന്റെ രാജ്യം എന്റെ സ്വർഗ്ഗം'** എന്ന ഈ കൈ പുസ്തകത്തിലൂടെ ഈ രാഷ്ട്രത്തിലെ പൗരന്മാർക്ക് മുന്നിൽ സമർപ്പിക്കുന്നു.

ജയ് ഹിന്ദ്

(ഒപ്പ്)

**ജസ്റ്റിസ് തോട്ടത്തിൽ ബി.രാധാകൃഷ്ണൻ**
**എക്സിക്യൂട്ടീവ് ചെയർമാൻ**
**കേരള സംസ്ഥാന നിയമ സേവന അതോറിറ്റി**

# ആമുഖം

ഭരണഘടനയുടെ IV-A ഭാഗത്തിൽ 51A അനുച്ഛേദത്തിൽ ഒരു ഭാരതീയ പൗരന്റെ പതിനൊന്ന് മൗലിക കർത്തവ്യങ്ങളെക്കുറിച്ച് പറയുന്നുണ്ട്. 1976-ലെ 42-ാം ഭരണഘടന ഭേദഗതിയിലൂടെയാണ് മൗലിക കർത്ത വ്യങ്ങൾ എഴുതിച്ചേർക്കപ്പെട്ടത്. അന്ന് 10 മൗലിക കർത്തവ്യ ങ്ങളാണ് ഭരണഘടനയുടെ ഭാഗമായി നിലവിൽവന്നത്. പിന്നീട് 2002-ലെ 86-ാം ഭരണഘടന ഭേദഗതിയിലൂടെ പതിനൊന്നാമതൊരു മൗലിക കർത്തവ്യം കൂടി നിലവിൽ വന്നു. അവകാശങ്ങളും കർത്തവ്യങ്ങളും പരസ്പരം ബന്ധ പ്പെട്ടിരിക്കുന്നു. ഭരണഘടനയുടെ മൂന്നാം ഭാഗത്തിൽ അതിന്റെ മാഗ്നാകാർട്ട എന്നറിയപ്പെടുന്ന മൗലിക കർത്തവ്യ ങ്ങൾ ഉൾപ്പെട്ടിരിക്കുന്നു. ജനാധിപത്യ സ്വഭാവം സംരക്ഷി ക്കപ്പെടുന്നതിനായി കർത്തവ്യങ്ങളെ മൗലികാവകാശങ്ങളോ ടൊപ്പം സവിശേഷ പ്രാധാന്യം കൽപ്പിക്കപ്പെടുന്നവയാണ് മൗലിക കർത്തവ്യങ്ങൾ. ഭാരതീയ പൗരന്മാർ മൗലികവകാ ശങ്ങൾക്ക് അർഹമായിരിക്കുന്ന അവസരത്തിൽ തന്നെ മൗലി കമായ കർത്തവ്യങ്ങൾ നിർവഹിക്കുന്നതിനു ബാദ്ധ്യതയു ള്ളവരാണ്. മറ്റ് പല രാജ്യങ്ങളിലും നിലവിലുള്ള ഭരണഘട നകളിൽ നിന്ന് വ്യത്യസ്ഥമായി രാഷ്ട്രത്തോടും സമൂഹ ത്തോടും ഒരു ഭാരതീയ പൗരൻ നിർവഹിക്കേണ്ട കടമയാണ് മൗലിക കർത്തവ്യങ്ങൾ.

നമ്മുടെ ഭരണഘടനയിൽ എടുത്തു പറഞ്ഞിട്ടുള്ള മൗലിക കർത്തവ്യങ്ങളെക്കുറിച്ചുള്ള ഈ കൈപുസ്തകം തയ്യാറാക്കുവാൻ സഹായിച്ച എല്ലാ സുമനസ്സുകൾക്കും, പ്രത്യേകിച്ച് അഭിഭാഷകരായ ശ്രീ എസ്. സുഭാഷ് ചന്ദ്, ശ്രീ വി. എം. ശ്യാംകുമാർ, ശ്രീ ജേക്കബ് പി അലക്സ്, ശ്രീ ഡോ. കെ. പി. പ്രദീപ്, ശ്രീ റെജി ജോർജ്ജ്, ശ്രീ സന്ദീപ് അങ്കരാത്ത് എന്നിവക്കും കൃതജ്ഞത രേഖപ്പെടുത്തുന്നു. ഈ പുസ്തകം അഭിമാന പുരസ്സരം സമർപ്പിക്കുന്നു.

**കെ സത്യൻ**

മെംബർ സെക്രട്ടറി (ജില്ലാ ജഡ്ജി)

കേരള സംസ്ഥാന നിയമ സേവന അതോറിറ്റി

# ഉള്ളടക്കം


| അനുച്ഛേദം | മൗലീക കർത്തവ്യങ്ങൾ | പേജ് |
|---|---|---|
| ◆ 51 (a) | ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയ പതാകയെയും ദേശീയ ഗാനത്തെയും ആദരിക്കുകയും ചെയ്യുക | 9-10 |
| ◆ 51 (b) | സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള നമ്മുടെ ദേശീയ സമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിന്തുടരുകയും ചെയ്യുക | 11 |
| ◆ 51 (c) | രാജ്യത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും ഉയർത്തിപ്പിടിക്കുകയും സംരക്ഷിക്കുകയും ചെയ്യുക. | 12-13 |
| ◆ 51 (d) | രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയ സേവനം അനുഷ്ഠിക്കുവാൻ അവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക. | 14-15 |
| ◆ 51 (e) | മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദ്ദവും പൊതുവായ സാഹോദര്യ മനോഭാവവും പുലർത്തുക, സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക. | 16-17 |
| ◆ 51 (f) | നമ്മുടെ സമ്മിശ്ര സംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും ചെയ്യുക | 18-20 |
| ◆ 51 (g) | വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക. | 21-22 |
| ◆ 51 (h) | ശാസ്ത്രീയമായ കാഴ്ച്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്ക്കരണത്തിനുമുള്ള മനോഭാവം വികസിപ്പിക്കുക. | 23-24 |
| ◆ 51 (i) | പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക | 25-27 |
| ◆ 51 (j) | രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടേയും ഉന്നതതലങ്ങളിലേക്ക് നിരന്തര ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായ്മയുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉത്കൃഷ്ടതയ്ക്കു വേണ്ടി അദ്ധ്വാനിക്കുക | 28 |
| ◆ 51 (k) | ആറിനും പതിനാലിനും ഇടക്കു പ്രായമുള്ള തന്റെ കുട്ടിക്കോ രക്ഷ്യബാലകനോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഉറപ്പുവരുത്തുക. | 29-30 |

# അനുഛേദം 51 - A (a)

**ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശ ങ്ങളെയും സ്ഥാപനങ്ങളെയും ദേശീയ പതാകയെയും ദേശീയ ഗാനത്തെയും ആദരിക്കുകയും ചെയ്യുക**

നമ്മുടെ ഭരണഘടന നമ്മുക്ക് ചില അവകാശങ്ങൾ ഉറപ്പുവരുത്തുന്നുണ്ട്. അതോടൊപ്പം നമുക്ക് നമ്മുടെ രാജ്യത്തോടും സമൂഹത്തോടും ചില കർത്തവ്യങ്ങൾ കൂടി ഉണ്ട്. അവ മൗലിക കർത്തവ്യങ്ങൾ എന്ന് അറിയ പ്പെടുന്നു. ഭരണഘടനയുടെ IVA ഭാഗത്തിൽ 51 A (a) അനുഛേദം മൗലിക കർത്തവ്യങ്ങളെക്കുറിച്ചുള്ളതാണ്. ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശ ങ്ങളെയും സ്ഥാപനങ്ങളെയും ദേശീയ പതാകയെയും ദേശീയ ഗാനത്തെയും ആദരിക്കുകയും ചെയ്യുക എന്ന താണ് ആദ്യത്തെ മൗലിക കർത്തവ്യം. ആയതു 51 A (a) അനുഛേദത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. നിരവധി വൈജാത്യങ്ങൾ ഉള്ള നൂറ് കോടിയിലേറെ ജനങ്ങൾ പാർക്കുന്ന അതിവിശാലമായ നമ്മുടെ രാജ്യത്തിന് അനു യോജ്യമായ രീതിയിലാണ് നമ്മുടെ ഭരണഘടന എഴുത പ്പെട്ടിട്ടുള്ളത്. നീതി, സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം എന്നീ ആദർശങ്ങളിൽ അധിഷ്ഠിതമാണ് നമ്മുടെ ഭരണഘടന. നമ്മുടെ രാജ്യത്തിന്റെ പുരോഗതിക്കും സാമൂഹ്യക്ഷേമത്തിനും വേണ്ടി ഭരണഘടനാനുസൃത മായി പ്രവർത്തിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. അതിനാൽ ഭരണഘടനയെ അനുസരിക്കുക എന്നത് നമ്മുടെ പ്രഥമ മൗലിക കർത്തവ്യമായി മാറുന്നു.

നമ്മുടെ ഭരണഘടനയിൽ വിവക്ഷിക്കുന്ന ഭരണ സ്ഥാപനങ്ങളാണ് പാർലമെന്റ്, നിയമസഭ, സുപ്രീംകോ ടതി, ഹൈക്കോടതി, മുനിസിപ്പാലിറ്റി, പഞ്ചായത്ത് മുതലായവ. നമ്മുടെ രാജ്യത്തിന്റെ പുരോഗതിക്കും

ജനങ്ങളുടെ സന്തുഷ്ടിക്കുമായി നിലകൊള്ളുന്ന ആ സ്ഥാപനങ്ങളെ നമ്മൾ ആദരിക്കേണ്ടതുണ്ട്.

നമ്മുടെ ദേശീയ പതാകയായ ത്രിവർണ്ണ പതാക സ്വാതന്ത്ര്യ സമരത്തിന്റെയും, സാഹോദര്യത്തിന്റെയും പ്രതീകമാണ്. കാവി, വെള്ള, പച്ച നിറങ്ങളും അശോക ചക്രവും അങ്കിതമായ ത്രിവർണ്ണ പതാകയെ ആദരിക്കുകയും ഉയർത്തിപ്പിടിക്കുകയും ചെയ്യുക വഴി നമ്മൾ നമ്മുടെ രാജ്യത്തിന്റെ അഭിമാനത്തെയും മൂല്യങ്ങളെയും സംരക്ഷിക്കുന്നു. ത്രിവർണ്ണ പതാകയുടെ പവിത്രത നഷ്ടപ്പെടുത്തുന്ന വിധം പ്രവർത്തിക്കുന്നത് പതാകയോടും രാജ്യത്തോടും തന്നെയുള്ള അനാദരവാകുന്നു. ദേശീയ പതാകയെ ആദരിക്കും വിധം പെരുമാറണ്ടേത് ഓരോ പൗരന്റേയും മൗലിക കർത്തവ്യമാകുന്നു. ദേശീയ പതാക എപ്പോൾ, എവിടെ, എപ്രകാരം ആർക്കെല്ലാം ഉപയോഗിക്കാം എന്നതിനെ കുറിക്കുന്ന നിയമം നിലവിൽ ഉണ്ട്. അതിനെ ലംഘിക്കുന്നതിന് ശിക്ഷയുമുണ്ട്. ദേശീയ പതാക മലിനമാക്കുന്നതും പവിത്രതക്കു കോട്ടം തട്ടും വിധം കൈകാര്യം ചെയ്യുന്നതും മേൽപ്പറഞ്ഞ മൗലിക കർത്തവ്യത്തിന്റെ ലംഘനമായി കണക്കാക്കപ്പെടുന്നു. നമ്മുടെ ദേശീയ ഗാനം നമ്മളിൽ രാഷ്ട്രബോധവും രാജ്യത്തിന്റെ അഖണ്ഡതയും ഉദ്ഘോഷിക്കുന്നു. ദേശീയ പതാക പോലെ തന്നെ ആദരിക്കപ്പെടേണ്ടതാണ് ദേശീയ ഗാനവും. ദേശീയ ഗാനം ആലപിക്കുന്നവരും ശ്രോതാക്കളും തദ്സമയം ആ ഗാനത്തോട് ബഹുമാനപുരസ്സരം വർത്തിക്കേണ്ടത് നമ്മുടെ മൗലിക കർത്തവ്യമാണ്. ചടങ്ങുകളിലും ആഘോഷങ്ങളിലും ദേശീയ ഗാനാലാപന സമയത്ത് എഴുന്നേറ്റ് നിന്ന് ആലാപനം തീരുന്നതു വരെ ശ്രദ്ധയോടെ ശ്രവിക്കുകയും കൂടെ ആലപിക്കുകയും ചെയ്യുന്നത് ദേശീയ ഗാനത്തോടുള്ള നമ്മുടെ ആദരവിന്റെ പ്രകടനമാകുന്നു.

# അനുച്ഛേദം 51 - A (b)

**സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള നമ്മുടെ ദേശീയ സമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക**

സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള ദേശീയ സമരത്തിന് പ്രചോദനം നൽകിയ മഹത്തായ ആശയങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക എന്നത് നമ്മുടെ മൗലിക കർത്തവ്യമാണ്. ലോകത്തിലെ മറ്റു സ്വാതന്ത്ര്യ സമരങ്ങളിൽ നിന്നും നമ്മുടെ സ്വാതന്ത്ര്യ സമരത്തെ വ്യത്യസ്ഥമാക്കുന്നത് ആയതിന് നമ്മൾ പിന്തുടർന്ന മൂല്യങ്ങളാണ്. അഹിംസ, സത്യസന്ധത തുടങ്ങിയവ ആയതിൽ ചിലതു മാത്രമാണ്. രക്തപങ്കിലമായ ഒരു സമരമായിരുന്നില്ല നമ്മളുടേത്. വിദേശിയായ ബ്രിട്ടീഷുകാരനെ ഹിംസാത്മകമായി ആക്രമിക്കുന്നത് ആ സമരത്തിൽ നിഷിദ്ധമായിരുന്നു. സഹനത്താലും, സത്യാഗ്രഹം മുതലായ സ്വയം സംസ്കരിക്കുന്ന രീതികളിലും ഊന്നിയുള്ള സ്വാതന്ത്ര്യ സമരമാണ് നമ്മൾ നയിച്ചത്. ജാതി മത ചിന്തകൾക്കതീതമായി ഭാരതീയർ ഒറ്റക്കെട്ടായി നടത്തിയ സത്യാഗ്രഹ സമരത്തിന്റെ അന്ത:സ്സത്ത നില നിർത്തേണ്ടത് ഓരോ പൗരൻന്റേയും കടമയാണ്. "സത്യമേവ ജയതേ" എന്ന ആദർശം മുറുകെ പിടിച്ചു കൊണ്ടുള്ള സമരത്തിൽ എതിർ പക്ഷത്തോടുള്ള ബഹുമാനവും ആത്മസംയമനവും മാർഗ്ഗ ദർശനങ്ങളായിരുന്നു.

ആ മഹത്തായ ആദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക എന്നതാണ് നമ്മുടെ മൗലിക കർത്തവ്യങ്ങളിൽ രണ്ടാമതായി നിഷ്ക്കർഷിച്ചിരിക്കുന്നത്.

# അനുച്ഛേദം 51 - A (c)

**രാജ്യത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും ഉയർത്തിപ്പിടിക്കുകയും സംരക്ഷിക്കുകയും ചെയ്യുക.**

ഭാരത ഭരണഘടനയുടെ IVA ഭാഗത്തിൽ 51 - A (c) അനുച്ഛേദത്തിൽ പറയുന്ന മൂന്നാമത് മൗലിക കർത്തവ്യ പ്രകാരം രാജ്യത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും ഉയർത്തിപ്പിടിക്കുന്നതിനും സംരക്ഷിക്കുന്നതിനും ഓരോ പൗരനും ഉത്തരവാദിത്വമുണ്ട്. ഭരണഘടനയുടെ ആമുഖത്തിൽ പറയുന്ന വ്യക്തമായ മൂല്യങ്ങളാണ് പരമാധികാരം, ഐക്യം, അഖണ്ഡത എന്നിവ. നമ്മുടെ രാഷ്ട്രത്തെ ഒരു പരമാധികാര ജനാധിപത്യ രാഷ്ട്രമായിട്ടാണ് കെട്ടിപ്പടുത്തിരിക്കുന്നത്. ഭാരതത്തിലെ ജനങ്ങളാണ് രാജ്യത്തെ പരമാധികാര ശക്തി. രാജ്യത്തിനു പുറത്തു നിന്നുള്ള മറ്റേതെങ്കിലും രാഷ്ട്രീയ ശക്തിക്ക് ഭാരതം കീഴ്പ്പെടുന്നില്ല. എല്ലാ അർത്ഥത്തിലും സമ്പൂർണ്ണവും രാഷ്ട്രേതര സ്വാധീന ശക്തികൾക്ക് വിധേയമല്ലാത്തതുമായ പരമാധികാര ശക്തിയായി ഭരണഘടന ഭാരതത്തെ വിഭാവനം ചെയ്യുന്നു. ഈ പരമാധികാരം എല്ലാ സാഹചര്യങ്ങളിലും ഉയർത്തിപ്പിടിക്കുകയും സംരക്ഷിക്കപ്പെടുകയും ചെയ്യേണ്ടതുണ്ട്. ആ ഉത്തരവാദിത്വം ഭരണകർത്താക്കൾക്ക് മാത്രമല്ല, രാജ്യത്തെ ഓരോ പൗരന്റേതുമാണ്. അത് ഓരോ പൗരന്റെയും മൗലീകമായ കർത്തവ്യമാണ്.

ഭാരതം നിരവധി സംസ്ഥാനങ്ങളാൽ സംയോജിതമായ ഏക രാഷ്ട്രമാണ്. വിവിധ സംസ്ഥാനങ്ങളും കേന്ദ്രവും തമ്മിലുള്ള സുഗമവും സുദൃഢവുമായ അധികാര വികേന്ദ്രീകരണം ഭരണഘടന തന്നെ വ്യക്തമായി നിശ്ചയിച്ചിട്ടുണ്ട്. ഭരണഘടനയുടെ നാലതിരുകൾക്കുള്ളിൽ ഒത്തൊരുമയോടെ പ്രവർത്തിക്കുന്ന അഖണ്ഡഭാരതമെന്ന

ദർശനം നമ്മൾ സ്വാംശീകരിക്കണം. വിഘടന ചിന്താഗതി കളേയും ആശയങ്ങളേയും ചെറുത്തു നിൽക്കുന്നതിനും ഇല്ലായ്മ ചെയ്യുന്നതിനും കഴിഞ്ഞെങ്കിൽ മാത്രമേ "ഒരൊറ്റ ജനത ഒരൊറ്റ രാഷ്ട്രം" എന്ന ഭരണഘടനാ ദർശനം കൈവ രിക്കാനാവുകയുള്ളൂ. ഭാഷയുടെ അടിസ്ഥാനത്തിൽ വിവിധ സംസ്ഥാനങ്ങൾ നിലവിൽ വന്നെങ്കിലും അത് രാഷ്ട്രത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും ഭംഗം വരാതെയാണ് നടപ്പിലാക്കിയത്. മതപരമോ, ഭാഷാപരമോ, രാഷ്ട്രീയപരമോ, ആദർശപരമോ ആയ യാതൊരു വിഭാഗീയ നിലപാടു കളെയും, അത് രാഷ്ട്രത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും ദോഷകരമാണെങ്കിൽ, ഒരു ഭാരതീയ പൗരൻ പ്രോത്സാഹിപ്പിക്കരുത്. ബാഹ്യവും ആന്തരികവുമായ വിഘടന ശക്തികളെ രാഷ്ട്രത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും അപായകരമെന്ന് തിരിച്ചറിഞ്ഞ് അവയെ പരാജയപ്പെടുത്തുകയെന്നത് ഓരോ ഭാരതീയ പൗരന്റേയും അടിസ്ഥാന ധർമ്മമാണ്. ഇന്ത്യ ഒരു പരമാധികാര, സ്ഥിതി സമത്വ, മതേതര, ജനാധിപത്യ റിപ്പബ്ലിക്കായി നിലനിൽക്ക ണമെങ്കിൽ അതിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും ലവലേശം പോലും ചോർന്നു പോകരുത്. ഓരോ ഭാരതീയ പൗരനും തന്റെ അടിസ്ഥാന കടമയായി ഈ വസ്തുത മനസ്സിലാക്കുകയും പ്രവർത്തിക്കുകയും ചെയ്യ ണമെന്ന് ഭരണഘടന അനുശാസിക്കുന്നു. ജാതി, മതം, വർഗ്ഗം, വർണ്ണം, ജന്മദേശം എന്നീ വേർതിരിവുകൾക്കെല്ലാം ഉപരിയായി രാഷ്ട്രത്തിന്റെ പരമാധികാരം ഐക്യത, അഖണ്ഡത എന്നിവ ഉയർത്തിപ്പിടിക്കുന്നതിനും സംരക്ഷി ക്കുന്നതിനും സർവ്വാത്മനാ സ്വയം സമർപ്പിക്കുമെന്ന് നമ്മുക്ക് പ്രതിജ്ഞയെടുക്കാം.

# അനുച്ഛേദം 51 - A (d)

**രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയ സേവനം അനുഷ്ഠിക്കുവാൻ അവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക.**

ഭരണഘടനയുടെ 51 - A (d) അനുച്ഛേദത്തിൽ പറയുന്ന നാലാമത്ത മൗലിക കർത്തവ്യപ്രകാരം രാഷ്ട്രമാവശ്യപ്പെടുന്ന പക്ഷം അടിയന്തിര സന്ദർഭങ്ങളിൽ രാജ്യരക്ഷയ്ക്കായി പ്രവർത്തിക്കുന്നതിനും രാഷ്ട്രസേവനത്തിൽ പങ്കാളിയാവുന്നതിനും ഓരോ ഭാരതീയ പൗരനും ഉത്തരവാദിത്വമുണ്ട്. ഭരണഘടന ഭാരതത്തിന്റെ ഏറ്റവും സുപ്രധാനമായ നിയമമാണ്. മറ്റെല്ലാ നിയമങ്ങളും ഭരണഘടനാനുസൃതമായാണ് നിർമ്മിക്കപ്പെടേണ്ടത്. ഭരണഘടന പ്രധാനമായും നിയമ നിർമ്മാണ വിഭാഗം (Legislature), കാര്യനിർവ്വഹണ വിഭാഗം (Executive), നീതിനിർവ്വഹണ വിഭാഗം (Judiciary) എന്നിവയിലൂടെയാണ് പ്രവർത്തിക്കുന്നത്. രാജ്യ രക്ഷയെന്നത് ഭരണ നിർവ്വഹണ വിഭാഗത്തിന്റെ കീഴിലുള്ള പരമപ്രധാനമായ ചുമതലകളിലൊന്നാണ്. ബാഹ്യവും ആഭ്യന്തരവുമായ ദുഷ്ട ശക്തികളിൽ നിന്ന് രാഷ്ട്രത്തേയും അതിലെ ജനങ്ങളേയും സംരക്ഷിക്കുകയെന്നത് രാജ്യ രക്ഷയുടെ ഭാഗമാണ്. എങ്കിൽ മാത്രമേ രാഷ്ട്രത്തിന്റെ പരമാധികാരവും അഖണ്ഡതയും കാത്തുരക്ഷിക്കുന്നതിന് സാധിക്കുകയുള്ളൂ. ബാഹ്യവും ആഭ്യന്തരവുമായ ആക്രമണങ്ങളെ ചെറുത്തു തോൽപ്പിക്കുന്നതിനും അരാജകത്വം ഇല്ലാതാക്കുന്നതിനും സമാധാനം നിലനിർത്തുന്നതിനും ഭാരതത്തിന് സുശക്തവും സുസംഘടിതവുമായ സൈനിക ശക്തിയുണ്ട്. നമ്മുടെ രാഷ്ട്രത്തിനെതിരെയുള്ള ഏത് ആക്രമണത്തെയും ധീരമായി നേരിടുന്നതിനും സമ്പൂർണ്ണമായി തകർത്തെറിയുന്നതിനും അതിന്

ശക്തിയുണ്ട്. എന്നാൽ ചില അടിയന്തിര സന്ദർഭങ്ങളിൽ രാജ്യരക്ഷയ്ക്കായി സൈനിക സേവനനുഷ്ഠിക്കുന്നതിനും രാഷ്ട്രത്തെ പ്രതിരോധിക്കുന്നതിനും ഓരോ പൗരനും കടമയുണ്ട്.

ഭൂകമ്പം, പ്രളയം, വരൾച്ച തുടങ്ങിയ അപ്രതീക്ഷിതമായ പ്രകൃതി ദുരന്തങ്ങൾ, നിർഭാഗ്യകര മായ ആഭ്യന്തര കലാപങ്ങൾ, അനിയന്ത്രിതമായ രോഗ ദുരിതങ്ങൾ എന്നിവ മനുഷ്യരെ കൊടിയ കഷ്ടപ്പാടുകളി ലേക്കും അവശതകളിലേക്കും നയിച്ചെന്നുവരാം. ഭരണ നിർവ്വഹണ വിഭാഗം എത്രയധികം ആത്മാർത്ഥതയോടെ പ്രവർത്തിച്ചെന്നു വരികിലും അവയൊന്നും മതിയാ വാതെ വരുന്ന ദു:ഖകരമായ സ്ഥിതി വിശേഷം ഉണ്ടായെന്നു വരാം. അത്തരം സന്ദർഭങ്ങളിൽ, സഹജീവി സംരക്ഷണത്തിനായി രാഷ്ട്ര സേവനമനുഷ്ഠിക്കേണ്ടത് ഓരോ ഭാരതീയ പൗരന്റേയും മൗലികമായ കർത്തവ്യമാണ്. രാഷ്ട്രത്തിന്റെ സസ്യസമ്പത്തും, മൃഗസമ്പത്തും, പ്രകൃതി വിഭവങ്ങളും സംരക്ഷിക്കുന്ന തിനായി അത്തരം അടിയന്തിര സന്ദർഭങ്ങളിൽ തന്നാ ലാവും വിധം രാഷ്ട്രസേവനത്തിനായി സന്നദ്ധരാവുന്ന തിന് ഭാരതീയ പൗരന്മാർക്ക് ബാധ്യതയുണ്ട്. അത് ഭരണഘടനാപരമായ ചുമതലകളിലൊന്നാണ്. രാഷ്ട്രമാവ ശ്യപ്പെടുന്ന പക്ഷം അടിയന്തിര ഘട്ടങ്ങളിൽ രാജ്യ രക്ഷ യ്ക്കായും രാഷ്ട്രസേവനത്തിനായും സദാസന്നദ്ധരാവു മെന്ന് നമുക്കോരോരുത്തർക്കും സർവ്വാത്മനാ പ്രതിജ്ഞയെ ടുക്കാം.

# അനുച്ഛേദം 51 - A (e)

**മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദ്ദവും പൊതുവായ സാഹോദര്യ മനോഭാവവും പുലർത്തുക, സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക.**

ഇന്ത്യയുടെ ചരിത്രവും സംസ്കാരവും പഠിച്ചിട്ടുള്ള എല്ലാവരും തന്നെ ഈ ഭൂപ്രദേശത്തിന്റെ ഏറ്റവും പ്രകടമായ സവിശേഷതയായി എടുത്തു പറഞ്ഞിട്ടുള്ളത് അതിന്റെ നാനാത്വം അഥവ വൈവിധ്യമാണ്. ഭൂമി ശാസ്ത്രപരവും, ഭാഷാപരവും, സാമൂഹികവും, സാംസ്കാരികവും, മതപരവുമായ സമസ്ത രംഗങ്ങളിലും അതിശയിപ്പിക്കുന്ന വൈവിധ്യം ദർശിക്കുവാനാകും.

പക്ഷെ, ഈ വൈവിധ്യങ്ങളെ വൈരുദ്ധ്യങ്ങളിലേക്കും, സംഘട്ടനങ്ങളിലേക്കും എത്തിക്കാതെ അവയെ കൂട്ടിയിണക്കി, സമരസപ്പെടുത്തി, സമന്വയിപ്പിക്കുന്ന ഏകത്വത്തിന്റെ സാന്നിദ്ധ്യവും, ചരിത്രകാരന്മാർ അംഗീകരിക്കുന്നുണ്ട്. അതുകൊണ്ടാണ്, "നാനത്വത്തിൽ ഏകത്വം" എന്ന യാഥാർത്ഥ്യം ഇന്ത്യൻ സംസ്കാരത്തിന്റെ മുഖമുദ്രയായി അവർ ചൂണ്ടിക്കാട്ടുന്നത്. ജീവിതത്തിന്റെ അർത്ഥത്തെയും, ലക്ഷ്യത്തെയും സംബന്ധിച്ച പൊതു സ്വീകാര്യമായ ദർശനമാണ്, അഥവ ആധ്യാത്മീകതയാണ് ഈ വൈവിധ്യങ്ങളെ സമന്വയിപ്പിക്കുന്ന ഘടകം എന്നും വ്യക്തമാക്കപ്പെട്ടിട്ടുണ്ട്.

ചരിത്രത്തിന്റെ അപ്രതീക്ഷിതമായ പ്രവാഹത്തിൽ ഇന്ത്യൻ ജനതയുടെ പൊതു സ്മരണയിൽ നിന്ന് ഏകത്വത്തെ സംബന്ധിച്ച ഈ ബോധം മറഞ്ഞു

പോകാനിടയായി. ഇന്ത്യൻ ആദ്ധ്യാത്മിക ബോധത്തെ ഉന്മിഷത്താക്കിയ ഭക്തി പ്രസ്ഥാനവും (15 മുതൽ 17 നൂറ്റാണ്ടുകൾ വരെ), ഇന്ത്യൻ ദേശീയ ബോധത്തെ ഉണർത്തി ശക്തിപ്പെടുത്തിയ ഇന്ത്യൻ സ്വാതന്ത്ര്യ സമരവുമാണ് "നാനത്വത്തിൽ ഏകത്വം" എന്ന സാംസ്കാരിക യാഥാർത്ഥ്യത്തെ ഇന്ത്യൻ മനസ്സിൽ പുന: പ്രതിഷ്ഠിച്ചത്. സ്വാതന്ത്ര്യാനന്തര ഇന്ത്യ അനുവർത്തിച്ചുവരുന്ന ജനാധിപത്യ പ്രയാണത്തിൽ ഈ വസ്തുത ഓർമിക്കേണ്ടതും പാലിക്കേണ്ടതും നമ്മുടെ സ്വാതന്ത്ര്യത്തിന്റെ പരിരക്ഷക്കും സംസ്കാരത്തിന്റെ വാചീകരണത്തിനും അനിവാര്യമാകുന്നു. അതുകൊണ്ടാണ് പൗരന്മാരുടെ കടമകൾ വ്യക്തമാക്കുന്ന ഭരണഘടനാ ഭാഗത്ത് ഇന്ത്യക്കാർ പ്രാദേശികവും, ഭാഷാപരവും, മതപരവുമായ വ്യത്യാസങ്ങളെ അതിവർത്തിച്ചുകൊണ്ട്, അവർക്കിടയിൽ സാഹോദര്യവും, സമഭാവനയും ഐക്യവും യാഥാർത്ഥ്യമാക്കാൻ പരിശ്രമിക്കണമെന്ന് നിഷ്കർഷിക്കുന്നത്. സാഹോദര്യവും, സമഭാവനയും രൂപപ്പെടണമെങ്കിൽ ജനസംഖ്യയിൽ പകുതിയിലധികം വരുന്ന സ്ത്രീകളുടെ അവസ്ഥ കൂടി പ്രത്യേകം പരിഗണിക്കേണ്ടതുണ്ട്. ഇന്ത്യയിൽ നിലനിൽക്കുന്നത് ഒരു പുരുഷമേധാവിത്വ സമൂഹമാണെന്ന യാഥാർത്ഥ്യം നാം അംഗീകരിച്ചേ മതിയാകൂ. എല്ലാ അർത്ഥത്തിലും എല്ലാ തലങ്ങളിലും പുരുഷന്മാരോടൊപ്പം സമത്വത്തിനും, അന്തസ്സിനും അർഹരാണ് സ്ത്രീകൾ എന്ന് ഇന്ത്യൻ പൗരന്മാർ അറിയുകയും, അംഗീകരിക്കുകയും വേണം. മനുഷ്യത്വത്തിന്റെ നൈസർഗ്ഗികമായ വളർച്ചക്കും, ഏകത്വത്തിന്റെ രൂപീകരണത്തിനും ഇത് ഒഴിച്ചുകൂടാനാവാത്ത ഒരു മുൻ ഉപാധിയാകുന്നു. അതുകൊണ്ടാണ് സ്ത്രീകളുടെ അന്തസ്സിനു ക്ഷതമേൽപ്പിക്കാനിടയുള്ള എല്ലാത്തരം പ്രവർത്തികളെയും ആചാരങ്ങളെയും പരിത്യജിക്കേണ്ടത് ഇന്ത്യൻ പൗരന്റെ കടമയായി നിഷ്കർക്കപ്പെടുന്നത്.

# അനുച്ഛേദം 51 - A (f)

## നമ്മുടെ സമ്മിശ്ര സംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും ചെയ്യുക

ഇന്ത്യൻ സംസ്കാരം പഠിതാക്കൾക്ക് എന്നും ഒരു പ്രഹേളികയായി അനുഭവപ്പെട്ടിട്ടുണ്ട്. പരസ്പര വിരുദ്ധ മാണെന്ന് കരുതാവുന്ന ഭിന്ന ഘടകങ്ങൾ നമുക്ക് അതിൽ കാണാൻ കഴിയും. എന്നാൽ, ഭിന്ന സ്വരങ്ങളുടെ ലയനത്തിൽ നിന്നുയിർകൊള്ളുന്ന സ്വരലയം പോലെയാണ് ഇന്ത്യൻ സംസ്കാരമെന്ന് സൂക്ഷ്മ നിരീക്ഷണത്തിൽ വ്യക്തമാകും. സ്വാമി വിവേകാനന്ദനും, മഹാത്മാഗാന്ധിയും, ഗുരുദേവ് ടാഗോറും, മഹർഷി അരവിന്ദനും, ഡോ. രാധാകൃഷ്ണനും ഈ കാഴ്ചപ്പാട് പങ്കിടുന്നവരാണ്.

സത്യം – യാഥാർത്ഥ്യം – ഏകവും അദ്വിതീയവുമാണ് എന്ന ഉൾക്കാഴ്ച ഭാരതീയ ദർശനത്തിന്റെയും, സംസ്കാര ത്തിന്റെയും അടിസ്ഥാന നിലപാടാണ്. സത്യം ഏക മാണെങ്കിലും സത്യാന്വേഷണത്തിന് സ്വന്തം മാർഗ്ഗം അവ ലംബിക്കാൻ ഓരോ വ്യക്തിക്കുമുള്ള സ്വാതന്ത്ര്യം ഭാരതീയ ദർശനം അംഗീകരിക്കുന്നുണ്ട്. ഓരോരുത്തനും അവനവന്റെ സത്യദർശനം വേണമെന്നും, എന്നാൽ തന്റേതു മാത്രമാണ് പരമമായ സത്യം എന്ന ശാഠ്യം അപകടകരമാണെന്നും, വർജ്യമാണെന്നും ഋഷിമാർ ആവർത്തിച്ച് ഓർമ്മപ്പെടുത്തി യിട്ടുണ്ട്.

ഇതര ദർശനങ്ങളോടും, മതങ്ങളോടും, സംസ്കാര ങ്ങളോടും എന്നും ഒരു തുറന്ന സമീപനമാണ് ഇന്ത്യൻ മനസ്സ് സ്വീകരിച്ചു പോന്നിട്ടുള്ളത്. ലോകത്തിന്റെ എല്ലാ ഭാഗത്തു നിന്നുമുള്ള മഹത്തായ ചിന്തകൾ സ്വാതന്ത്രമായി കടന്നു വരട്ടെ എന്ന സ്വാഗത വചനം ഭാരതത്തിന്റെ ഏറ്റവും പൗരാണിക ഗ്രന്ഥമായ ഋഗ്വേദത്തിൽ നാം വായിക്കുന്നു.

നല്ലതിനെ സ്വാംശീകരിക്കാനും സ്വന്തമാക്കുവാനുമുള്ള ഒരു സവിശേഷ ശക്തി, അങ്ങിനെ ഇന്ത്യൻ സംസ്കാരം ആർജ്ജിച്ചു.

സംക്ഷേപിച്ചു പറഞ്ഞാൽ, തുറന്ന സമീപനം പുലർത്തി, ആദാനപ്രദാനങ്ങളിൽക്കൂടി രൂപപ്പെട്ട് പരിപുഷ്ടി പ്രാപിച്ചതും, ഇന്നും അനുക്ഷണം വികസിച്ചു കൊണ്ടിരിക്കുന്നതുമായ ഒരു ജൈവ സംസ്കൃതിയാണ് ഇന്ത്യൻ സംസ്കാരം. ആദ്ധ്യാത്മികതയുടെ നാടായാണ് ഇന്ത്യ അറിയപ്പെടുന്നതും ആദരിക്കപ്പെടുന്നതും. ഇന്ത്യൻ സംസ്കാരത്തിന്റെ ആണിക്കല്ല് ആദ്ധ്യാത്മികതയാണെന്ന് പല ചിന്തകരും എടുത്തു പറയുന്നുമുണ്ട്. ഇന്ത്യൻ സംസ്കാരം കേവലം ആത്മീയവാദപരവും അതുകൊണ്ട് ജീവിതത്തിന്റെ ഭൗതീക തലങ്ങളെ അംഗീകരിക്കാത്തതുമാണ് എന്ന് ഇതുകൊണ്ട് അർത്ഥമാവുന്നില്ല. ആത്മീയവാദത്തോടൊപ്പം ഭൗതീകവാദവും വികസിച്ച നാടാണ് ഭാരതം.

മതങ്ങളുടെ നാട് എന്നും ഇന്ത്യ വിശേഷിപ്പിക്കപ്പെടാറുണ്ട്. ഹൈന്ദവ ധർമ്മവും, അതിൽ നിന്ന് വികസിച്ച ജൈന – ബൗദ്ധ ധർമ്മങ്ങളും ഇന്ത്യയുടെ തനത് സൃഷ്ടികളാണ്. സമീപ പ്രദേശങ്ങളിൽ ജന്മമെടുത്ത് വികസിച്ച ക്രൈസ്തവ, ഇസ്ലാമിക ധർമ്മങ്ങളെയും ഇന്ത്യ തുറന്ന മനസ്സോടെ സ്വാഗതം ചെയ്തു. അവയ്ക്ക് ഇവിടെ പുലരുന്നതിനും, വളരുന്നതിനുമുള്ള സൗകര്യങ്ങൾ ചെയ്തു കൊടുത്തു. അവയിലെ നല്ല അംശങ്ങൾ സ്വാംശീകരിച്ച് സ്വയം പുതുക്കുന്നതിനും, ശാക്തീകരണം പ്രാപിക്കുന്നതിനും ഹൈന്ദവ ധർമ്മം സന്നദ്ധമായി. അങ്ങനെ മത സൗഹാർദ്ദവും സഹവർത്തിത്വവും ഇന്ത്യൻ സംസ്കാരത്തിന്റെ അവിഭാജ്യ ഘടകമായിതീർന്നു.

നിരവധി മനുഷ്യർക്ക് മതം ജീവിതത്തിന്റെ അവിഭാജ്യ ഘടകമാണ്. മനുഷ്യരെ പരസ്പരം പ്രപഞ്ച സംവിധാനവുമായി ബന്ധിപ്പിക്കേണ്ട മതം നിർഭാഗ്യവശാൽ ഇന്ന് ഒരു വിഭജന ശക്തിയായി തീർന്നിരിക്കുന്നു. മതം

ചിലപ്പോഴെല്ലാം ഭീകര പ്രവർത്തനങ്ങൾക്ക് പ്രേരണ യായിത്തീരുന്നു. ഈ പശ്ചാത്തലത്തിൽ ഇന്ത്യൻ പൗരന്റെ കർത്തവ്യം എന്താണ്? വ്യക്തവും, ലളിതവുമാണ് ഇന്ത്യൻ സംസ്കാരം നൽകുന്ന ഉത്തരം. ഇന്ത്യൻ സംസ്കാരത്തിന്റെ അടിസ്ഥാന പ്രമാണങ്ങളായ സഹിഷ്ണുതയും, സമഭാവ നയും അംഗീകരിച്ച് അവയെ സ്വന്തം കർമ്മമണ്ഡലങ്ങളിൽ പാലിച്ചും, പരിപാലിച്ചും ശക്തിപ്പെടുത്തുക.

ഇപ്രകാരം ചെയ്താൽ മാത്രമേ സ്വന്തം പൗരത്വം അർത്ഥ പൂർണ്ണമാവുകയുള്ളൂ എന്നു നാം തിരിച്ചറിയണം.

# അനുഛേദം 51 - A (g)

**വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക.**

പരിസ്ഥിതി സംരക്ഷണം ഒരു പൗരന്റെ മൗലിക കർത്തവ്യമാണെന്ന് ഭരണഘടനയുടെ അനുഛേദം 51A(g) നിഷ്കർഷിക്കുന്നു. കാടും, തടാകങ്ങളും, പുഴകളും, വന്യ ജീവികളും മറ്റും ഉൾപ്പെടുന്ന പരിസ്ഥിതിയെ സംരക്ഷിക്കുകയും പാലിക്കുകയും ചെയ്യേണ്ടത് ഒരു പൗരന്റെ കർത്തവ്യമാണെന്ന് ഭരണഘടന അനുശാസി ക്കുന്നു. കൂടാതെ, പക്ഷിമൃഗാദികളോട് സഹാനുഭൂതിയും കരുണയും പ്രകടിപ്പിക്കണമെന്നും ഭരണഘടന ഓർമ്മി പ്പിക്കുന്നുണ്ട്. പ്രകൃതിയോടും ജീവജാലങ്ങളോടും ആദരവും പരിപാലനവും കാണിക്കുന്ന രാഷ്ട്രത്തിന് മാത്രമേ ഉദാത്തവും ശാശ്വതവുമായ പുരോഗതി ലഭ്യമാകൂ. പ്രകൃതിയെ മാതാവായി കണ്ട്, അതിനോടിണങ്ങി ജീവിക്കുന്ന പാരമ്പര്യമാണ് ആർഷഭാരത സംസ്കാരത്തിനുള്ളത്. മഹ നീയമായ ആ സാംസ്കാരിക പാരമ്പര്യമാണ് ഭരണഘടന യിലും വെളിവാകുന്നത്. മനുഷ്യസമൂഹവും രാഷ്ട്രവും ഒന്നും പ്രകൃതിയിൽ നിന്ന് വേർപെട്ട് നിൽക്കുന്നവയല്ല. മറ്റു ജീവജാലങ്ങളുടേത് പോലെ മനുഷ്യനും സ്വയം നിർമ്മിച്ച അവന്റെ ആവാസ വ്യവസ്ഥയാണ് സമൂഹവും രാഷ്ട്രവു മൊക്കെ. പ്രകൃതിയിൽ നിന്ന് തന്നെയാണ് അതിന്റെയൊക്കെ ഉത്ഭവവും. അതിനാൽ പ്രകൃതിയെ അവഗണിച്ചു കൊണ്ടുള്ള ഒരു മനുഷ്യ പ്രയത്നത്തിനും നിലനിൽപ്പില്ല. അനിയന്ത്രിത മായ പ്രകൃതിയുടെ ചൂഷണം വ്യാപകമായ സർവനാശ ത്തിനും ഹേതുവാകും. അത്കൊണ്ട് പ്രകൃതിയെ സംരക്ഷി

ക്കേണ്ടതും പരിപാലിക്കേണ്ടതും സുസ്ഥിരമായ രാഷ്ട്രപുരോഗതിക്ക് അനിവാര്യമാണ്. മാത്രമല്ല, പ്രകൃതിയോട് സമരസപ്പെട്ടു ജീവിച്ചാൽ മാത്രമേ സുദൃഢമായ ഒരു പൗരസമൂഹം രൂപപെടുകയുള്ളൂ.

പരിസ്ഥിതി സംരക്ഷണത്തെ സംബന്ധിക്കുന്ന നിയമങ്ങളും വിധിന്യായങ്ങളും അവലംബം ആക്കിയിരിക്കുന്നത് ഭരണഘടനയുടെ ഈ ചട്ടത്തെയാണ്. എല്ലാ തരത്തിലുള്ള ജീവനേയും ബഹുമാനിക്കുന്ന ഒരു ജനത സംസ്കാരത്തിന്റെ ഉന്നതമായ ഒരു ശ്രേണിയിൽ ഉള്ളതായിരിക്കും. അത്തരം ഉദാത്തമായ ഒരു സാംസ്കാരിക ഉന്നതി ഭാരതത്തിന് സാധ്യമാകണം എന്നാണ് ഭരണഘടന വിഭാവനം ചെയ്യുന്നത്. ഓരോ വ്യക്തിയുടേയും പ്രവർത്തികളിലൂടെയാണ് സംസ്കാരം രൂപപ്പെടുന്നത്. അതിനാലാണ്, ഒരു പൗരന്റെ മൗലിക കർത്തവ്യങ്ങളിൽ ഒന്നായി പരിസ്ഥിതി സംരക്ഷണം ചേർക്കപ്പെട്ടിരിക്കുന്നത്.

# അനുച്ഛേദം 51 - A (h)

**ശാസ്ത്രീയമായ കാഴ്ച്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്ക്കരണത്തിനുമുള്ള മനോഭാവം വികസിപ്പിക്കുക.**

സുസ്ഥിരവും ശക്തവുമായ ഒരു രാഷ്ട്രനിർമ്മാണം മാത്രമല്ല, ആ രാഷ്ട്രത്തിലെ പൗരന്മാരെല്ലാം ഒരു വ്യക്തി എന്ന നിലയിൽ സമ്പൂർണ്ണവും സമഗ്രവുമായ വളർച്ച കൈവരിക്കണമെന്നും ഭരണഘടന ഉദ്ദേശിക്കുന്നുണ്ട്. സവിശേഷമായ വ്യക്തിത്വത്തിന് ഉടമകൾ ആയിരിക്കണം പൗരന്മാർ എല്ലാവരും. ശാസ്ത്രീയമനോഭാവം, മനുഷ്യത്വം, ജിജ്ഞാസ, അന്വേഷണത്വര ഇവയൊക്കെ നവോത്ഥാന കാലഘട്ടത്തിലെ അടിസ്ഥാനമൂല്യങ്ങളാണ്. ചരിത്രത്തിലെ ഏറ്റവും വലിയ സാംസ്കാരിക പുരോഗതി സംഭവിച്ച നവോത്ഥാന കാലഘട്ടത്തിൽ, മനുഷ്യമനസ്സുകളെ നയിച്ചിരുന്നത് ഈ മൂല്യങ്ങളായിരുന്നു. സ്വതന്ത്രമായി ചിന്തിക്കുന്ന വ്യക്തികളെ കൊണ്ട് നിറഞ്ഞ ഒരു സമൂഹം വാർത്തെടുക്കുക എന്ന മഹനീയ ലക്ഷ്യമാണ് ഈ ചട്ടത്തിൽ പ്രതിഫലിച്ച് കാണിക്കുന്നത്.

ശാസ്ത്രീയ മനോഭാവം എന്നത് മനുഷ്യയുക്തിക്ക് മാത്രം പ്രാധാന്യം നൽകുന്ന ചിന്താഗതിയാണ്. ഒന്നിനേയും കണ്ണടച്ച് വിശ്വസിക്കാതെ, സ്വതന്ത്രമായി വിശകലനം ചെയ്തിട്ട് അത് യുക്തിഭദ്രമാണെന്ന് കാണുകയാണെങ്കിൽ മാത്രം അംഗീകരിക്കുന്ന ചിന്താരീതി. അങ്ങനെയുള്ള ഒരു സമൂഹം വളരെ ചലനാത്മകവും പ്രബുദ്ധവുമായിരിക്കും. നവീന ആശയങ്ങളും പുത്തൻ സൃഷ്ടികളും നിരന്തരം ബഹിർഗ്ഗമിക്കും അത്തരം ഒരു സമൂഹത്തിൽ നിന്ന്. പാരമ്പര്യങ്ങളുടെയും വിശ്വാസങ്ങളുടെയും ആചാരാനുഷ്ടാനങ്ങളുടെയും ബന്ധനങ്ങളിൽ പെട്ട് ജീർണ്ണിക്കുന്ന

ഒരു സമൂഹമായിരിക്കില്ല അത്. അന്വേഷണത്വരയും ജിജ്ഞാസയും മനുഷ്യനെ കൂടുതൽ അറിവിലേക്ക് നയിക്കും അജ്ഞതയുടെ ഇരുട്ട് മനസ്സുകളിൽ നിന്ന് നീക്കം ചെയ്യ പ്പെടും

അതുപോലെ, മനുഷ്യന്റെ അന്തസ്സത്ത മതത്തിന്റേയും ജാതിയുടെയും കെട്ടുപാടുകളിൽ നിന്ന് വീണ്ടെടുക്കുക എന്നതും സാംസ്കാരിക പുരോഗതിക്ക് ആവ ശ്യമാണ്. മതം, ജാതി, ദേശം, ഭാഷ എന്നിങ്ങനെയുള്ള സ്വത്വ ങ്ങൾക്ക് അതീതമാണ് ഒരു വ്യക്തിയുടെ മൂല്യം. മനുഷ്യാവ സ്ഥയെ അംഗീകരിക്കുക; അവന്റെ വ്യക്തിത്വത്തെ വിലമതി ക്കുക. അങ്ങനെയുള്ള ചിന്താഗതിയുള്ള പരിതസ്ഥിതികളിൽ മാത്രമേ ഒരുവന് തന്റെ വ്യക്തിത്വം പൂർണ്ണമായി തിരിച്ചറി യാനും തന്റെ ശേഷികളെ ഫലപ്രദമായി വികസിപ്പിക്കാനും സാധ്യമാകൂ.

ജ്ഞാനത്തിലും സർഗാത്മകതയിലും ജ്വലിക്കുന്ന ഒരു സംസ്ക്കാരമായി ഭാരതം മാറണമെങ്കിൽ, പൗരന്മാർ ഇത്തരം നവോത്ഥാന മൂല്യങ്ങൾ സ്വാശീകരിക്കണം. അതുകൊണ്ടാണ്, ഇത്തരം ചിന്താഗതി വളർത്തുക എന്നത് ഒരു കർത്തവ്യമായി ഭരണഘടന നിഷ്കർഷി ക്കുന്നത്.

# അനുഛേദം 51 - A (i)

## പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക

പൊതുമുതലുകളുടെ സംരക്ഷണം ഭരണാധികാരികളുടെ മാത്രം ചുമതലയല്ല. നമ്മുടെ ഭരണഘടന അനുഛേദം 51 എ(ഐ) യിൽ വിവക്ഷിച്ചിരിക്കുന്നത് പൗരന്റെ ഈ പരമപ്രധാനമായ കർത്തവ്യത്തെക്കുറിച്ചാണ്.

എന്താണ് പൊതുമുതലുകൾ എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ? ഭരണഘടനയിൽ കൃത്യവും വ്യക്തവുമായ ഒരു വിശദീകരണമില്ലെങ്കിലും 1984 ലെ പൊതുസ്വത്തുക്കളുടെ നാശം തടയൽ നിയമം വകുപ്പ് 2(ബി) പ്രകാരം കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാരുകൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, കേന്ദ്ര സംസ്ഥാന നിയമങ്ങൾ പ്രകാരം സ്ഥാപിക്കപ്പെട്ടിട്ടുള്ള കോർപ്പറേഷനുകൾ എന്നിവകളുടെ ഉടമസ്ഥതയിലോ, നിയന്ത്രണത്തിലോ ഉള്ള സ്ഥാവര-ജംഗമ വസ്തുക്കൾ പൊതുമുതലുകൾ അല്ലെങ്കിൽ പൊതുസ്വത്തുക്കളാണ്.

കൂടാതെ 50 ശതമാനത്തിൽ കുറയാതെ സർക്കാർ ഓഹരി പങ്കാളിത്തമുള്ള കമ്പനികളുടെയും കേന്ദ്രസർക്കാർ പ്രത്യേക വിജ്ഞാപനം വഴി നിർദ്ദേശിച്ചിട്ടുള്ള സ്ഥാപനങ്ങളുടെയും സ്ഥാവര ജംഗമ വസ്തുക്കളും പൊതു സ്വത്തുക്കളുടെ പരിധിയിൽ വരും.

പൊതുസ്വത്തുക്കൾക്ക് ഏതെങ്കിലും രീതിയിൽ നാശനഷ്ടങ്ങൾ ഉണ്ടാക്കുന്നത് ആറു മാസം മുതൽ അഞ്ച് വർഷം വരെ സാധാരണ തടവും ലഭിക്കാവുന്ന കുറ്റകൃത്യമാണ്. പൊതുമുതലുകൾക്ക് ബോധപൂർവ്വമായി നാശനഷ്ടം വരുത്തുന്ന കേസുകളിൽ കർശന നടപടികൾ വേണമെന്ന് സതീഷ് കുമാറും മലബാർ ദേവസ്വം

ബോർഡുമായുള്ള കേസിന്റെ വിധിന്യായത്തിൽ കേരളാ ഹൈക്കോടതി ഓർമ്മിപ്പിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ പൊതുമുതലുകൾക്ക് നാശനഷ്ടം വരുത്തിയ കേസുകളിൽ നടപടി നേരിടുന്നവർക്ക് ജാമ്യം ലഭിക്കാൻ നാശനഷ്ടം വന്ന സ്ഥാവര ജംഗമ വസ്തുക്കളുടെ തുല്യമായ വില ജാമ്യ സംഖ്യയായി കെട്ടിവെക്കാൻ കോടതികൾ നിഷ്കർഷിക്കാറുണ്ട്.

ഒരു നിരോധന നിയമമുള്ളതുകൊണ്ടോ കർക്കശമായ ശിക്ഷാരീതികളുള്ളതുകൊണ്ടോ പൊതു സ്വത്തുക്കളുടെ സംരക്ഷണം ഉറപ്പുവരുത്താൻ കഴിയണമെന്നില്ല. അതിനായി ഒരു പൊതു അവബോധം തന്നെ വളർത്തിക്കൊണ്ടു വരാൻ നമുക്കു കഴിയണം. ഒരു വ്യക്തി, തന്റെ സ്വകാര്യ സ്വത്തുക്കൾ സംരക്ഷിക്കാൻ എത്രകണ്ട് ജാഗ്രതയുള്ളവനാണോ അതേ കാര്യക്ഷമതയിൽ പൊതു സ്വത്തുക്കൾക്ക് സംരക്ഷണം ഉറപ്പു വരുത്തുവാനും ജാഗ്രത കാണിക്കണം.

വിദ്യാലയങ്ങളിലും കലാലയങ്ങളിലും പൊതുനിരത്തുകളിലുമുള്ള സമരങ്ങളിലും പ്രതിഷേധ പരിപാടികളിലും പൊതുസ്വത്തുക്കളുടെ നാശനഷ്ടങ്ങൾക്ക് കാരണമാകുന്ന രീതിയിൽ അക്രമാസക്തമാകാറുണ്ട്. ഓരോ പൊതുസ്വത്തും നമ്മുടെ തന്നെ നികുതി പണത്തിന്റെയും വിയർപ്പിന്റെയും സൃഷ്ടിയാണെന്ന ബോധം വളർന്നാലേ ഇത്തരം അക്രമാസക്തമായ സമര രീതികളിൽ നിന്ന് വിട്ടുനിൽക്കാൻ നമുക്ക് പ്രേരണ നൽകുകയുള്ളൂ. അവകാശലംഘനങ്ങൾക്കും അനീതികൾക്കും എതിരേയുള്ള പ്രതിഷേധങ്ങൾ ക്രിയാത്മകവും മാതൃകാപരവുമായിരിക്കണം. നശീകരണത്തിന് പ്രാധാന്യം കൊടുത്തുകൊണ്ടായിരിക്കരുത്.

അക്രമാസക്തമായ പ്രതിഷേധങ്ങളിൽ നിന്നും അത്തരം പ്രവർത്തികളിൽ നിന്നും വിട്ടുനിൽക്കാൻ ഒരു പൗരനു ചുമതലയുണ്ടെന്ന് ഭരണഘടനയുടെ മൗലീക

കർത്തവ്യങ്ങൾ ഓർമ്മപ്പെടുത്തുന്നു. 2004 ലെ ജോർജ്ജ് കുര്യനും കേരള സംസ്ഥാനവും തമ്മിലുള്ള കേസിൽ കേരളാ ഹൈക്കോടതിയുടെ ഫുൾബെഞ്ചും 2009 ലെ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിൽ സുപ്രീം കോടതിയും ഓരോ പൗരന്റെയും ഈ മൗലീക കർത്തവ്യത്തിന്റെ പ്രാധാന്യം വിശദീകരിച്ചിട്ടുണ്ട്. നമ്മുടെ വിദ്യാലയങ്ങളിലെ പഠിപ്പു മുടക്ക് സമരങ്ങളൊക്കെ സാമാധാന രീതിയിലുള്ള ബഹിഷ്കരണ സമരങ്ങളിൽ നിന്ന് വഴിമാറി പൊതു വാഹനങ്ങൾക്ക് നഷ്ടം വരുത്തിയും കെട്ടിടങ്ങൾക്ക് കേടു പാടുകൾ വരുത്തിയും അക്രമാസക്തമായ സമരരീതിക ളായി കണ്ടുവരുന്നു. ഇത്തരത്തിലുള്ള അക്രമസമരങ്ങ ളിൽ നിന്ന് സ്വയം വിട്ടുനിൽക്കുകയും സഹപാഠികളെ ബോധവൽക്കരിച്ച് മാറ്റി നിർത്തുന്നതിനും ഓരോ വിദ്യാർത്ഥിക്കും സാധിക്കണം. ഇത്തരം അക്രമ സമര ങ്ങൾ സാമ്പത്തിക നഷ്ടങ്ങൾ ഉണ്ടാക്കുന്നതോടൊപ്പം വരുത്തി വയ്ക്കുന്ന പരിസ്ഥിതി മലിനീകരണവും പൊതു ജനങ്ങൾക്കുണ്ടാക്കുന്ന അപകടസാധ്യതകളും നമ്മൾ കാണേണ്ടിരിക്കുന്നു. വ്യക്തികൾ വിദ്യാസമ്പന്നരാകുമ്പോ ഴാണ് സമൂഹം പരിഷ്കൃതമാകുന്നത്. നാം ഓരോരു ത്തരും പൊതുസ്വത്തുക്കളുടെ സംരക്ഷണം സ്വന്തം കർത്തവ്യമായി കണ്ട് മുന്നോട്ട് വരുമ്പോൾ അത് മറ്റൊരു രീതിയിൽ രാഷ്ട്ര നിർമ്മാണത്തിനും രാജ്യപുരോഗ തിക്കും വേണ്ടിയുള്ള സ്വയം സേവനമായി മാറുന്നു.

# അനുച്ഛേദം 51 - A (j)

**രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടേയും ഉന്നതതലങ്ങളിലേക്ക് നിരന്തര ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായ്മയുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉത്കൃഷ്ടതയ്ക്കു വേണ്ടി അദ്ധ്വാനിക്കുക**

മൗലിക കർത്തവ്യങ്ങളിൽ പത്താമത്തേതാണ് 51 A (j) അനുച്ഛേദത്തിൽ പ്രസ്ഥാവിക്കപ്പെട്ടിരിക്കുന്നത്. ഓരോ ഭാരതീയ പൗരനും അവന്റെ വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തന മേഖലകളിൽ ഉന്നതമായ പ്രാഗത്ഭ്യം നേടുന്നതിന് പരിശ്രമിക്കേണ്ടതും അതുവഴി ഭാരതം നിരന്തരം ശ്രേഷ്ഠതയും അഭ്യുന്നതിയും കൈവരിക്കേണ്ടതുമാണ്. പ്രവർത്തനങ്ങളുടെ എല്ലാ മേഖലകളിലും അനിതര സാധാരണമായ സാമർത്ഥ്യത്തിലൂടെ പ്രാഗത്ഭ്യം നേടുന്നതിന് ഓരോ ഭാരതീയ പൗരനും കടമയുണ്ട്. വ്യകതിയുടെ ഉയർച്ച സമൂഹത്തിന്റെ ഉയർച്ചയും തദ്വാര രാഷ്ട്രത്തിന്റെ ഉയർച്ചയുമായി മാറേണ്ടതുണ്ട്. അലസതയും നിഷ്ക്രിയത്വവും വെടിഞ്ഞ് വ്യക്തി ജീവിതത്തിലും സാമൂഹ്യ ജീവിതത്തിലും അഭ്യുന്നതി കൈവരിക്കുന്നതിന് സർവ്വാത്മനാ പരിശ്രമിക്കുന്നതിന് ഓരോ ഭാരതീയ പൗരനും കടമയുണ്ട്. വ്യക്തി ജീവിതത്തിന്റെ മേന്മയും നന്മയും ഉയരുമ്പോൾ അത് രാഷ്ട്രത്തിന്റെ പുരോഗതിയുടെ അടയാളമായി മാറുന്നു. രാഷ്ട്രം നിരന്തരം ശ്രേഷ്ഠത കൈവരിക്കുന്നു. ഓരോ ഭാരതീയ പൗരനും വിസ്മരിക്കാതെ പിൻതുടരേണ്ട ഭരണഘടനാ മൂല്യമാണ് മേൽപ്പറഞ്ഞ മൗലിക കർത്തവ്യത്തിലൂടെ പ്രകാശിക്കുന്നത്.

# അനുഛേദം 51 - A (k)

**ആറിനും പതിനാലിനും ഇടക്കു പ്രായമുള്ള തന്റെ കുട്ടിക്കോ രക്ഷ്യ ബാലകനോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഉറപ്പുവരുത്തുക.**

ഭരണഘടനയിലെ 51 A (k) അനുഛേദം ഓരോ ഭാരതീയ പൗരന്റെയും സുപ്രധാനമായ ഒരു മൗലിക കർത്തവ്യത്തെക്കുറിച്ച് സൂചിപ്പിക്കുന്നു. ഭാരതീയ ജീവിതത്തിന്റെ സവിശേഷമായ അടയാളങ്ങളിലൊന്നാണ് കുടുംബം. വ്യക്തി ജീവിതത്തിന്റെ ശ്രേഷ്ഠതയും സൗന്ദര്യവും കുടുംബ ജീവിതത്തിലൂടെയാണ് സമ്പൂർണ്ണമാകുന്നത്. വ്യക്തി, കുടുംബം, സമൂഹം, രാഷ്ട്രം എന്നിവയോരോന്നും ധാർമ്മികതയുടെ സുവർണ്ണ നൂലിനാൽ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. പുകൾപെറ്റ ഭാരതീയ സംസ്കാരത്തിന്റെ അടിക്കല്ലുകളിലൊന്ന് കുടുംബ ജീവിതമാണ്. കുടുംബ ജീവിതത്തിന്റെ പ്രാധാന്യം കുടുംബനാഥനും കുട്ടികളുമായുള്ള സ്നേഹ സമ്പന്നമായ ബന്ധത്തിലാണ് പ്രകാശിക്കുന്നത്. കുട്ടികളുടെ വിദ്യാഭ്യാസം മാതാപിതാക്കളുടെ അനിവാര്യമായ ഉത്തരവാദിത്വമാണ്. സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും ഭാവി നിർണ്ണയിക്കുന്നത് അവിടെ അധിവസിക്കുന്ന കുട്ടികളാണ്. കുട്ടികളുടെ ഭാവി ശോഭനമാക്കുന്നത് സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും ഭാവി ശോഭനമായിത്തീരുന്നു. അതുകൊണ്ടുതന്നെ മാതാപിതാക്കൾ അല്ലെങ്കിൽ മറ്റേതെങ്കിലും വിധത്തിൽ കുട്ടികളുടെ രക്ഷിതാക്കളായ ഭാരതീയ പൗരന്മാർ ആറു വയസ്സിനും പതിനാലു വയസ്സിനുമിടയിൽ പ്രായമുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം ലഭിക്കുന്നതിനുള്ള അവസരങ്ങൾ നൽകേണ്ടത് അടിസ്ഥാന കർത്തവ്യമാണ്. ഭാരത ഭരണഘടനയുടെ 51 A (k) അനു

ഛേദത്തിൽ മാതാപിതാക്കൾ അല്ലെങ്കിൽ രക്ഷിതാക്കളായ ഓരോ ഭാരതീയ പൗരന്റെയും ഈ അടിസ്ഥാന കർത്തവ്യത്തെക്കുറിച്ച് സൂചിപ്പിച്ചിരിക്കുന്നു. തങ്ങളുടെ ഉത്തരവാദിത്വത്തിൻ കീഴിൽ ജീവിക്കുന്ന കുട്ടികൾക്ക് അടിസ്ഥാന വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ലഭ്യമാക്കുകയെന്നത് അടിസ്ഥാനപരമായ കർത്തവ്യമാണ്. അടിസ്ഥാന വിദ്യാഭ്യാസം ലഭിച്ച സാക്ഷരരായ കുട്ടികളെ സംഭാവന ചെയ്യുന്നതിലൂടെ രാഷ്ട്രനിർമ്മാണ പ്രക്രിയയിൽ വലിയ പങ്കാണ് വഹിക്കേണ്ടത്. അതുകൊണ്ടുതന്നെ 6 മുതൽ 14 വയസ്സു വരെ പ്രായമുള്ള കുട്ടികൾക്ക് അടിസ്ഥാനവിദ്യാഭ്യാസം ലഭിക്കുന്നുവെന്ന് ഉറപ്പാക്കേണ്ട ബാദ്ധ്യത മാതാപിതാക്കളുടേതാണ്. 2002-ലെ 86-ാം ഭരണഘടന ഭേദഗതിയിലൂടെ എഴുതിച്ചേർക്കപ്പെട്ട ഈ മൗലിക കർത്തവ്യത്തോടൊപ്പം ഭരണഘടന 21 A അനുഛേദവും എഴുതിച്ചേർക്കപ്പെടുകയുണ്ടായി. 6 മുതൽ 14 വയസ്സു വരെയുള്ള വിദ്യാഭ്യാസം നൽകുകയെന്ന ഉത്തരവാദിത്വം സർക്കാരിനുണ്ടെന്നും അതൊരു മൗലികാവകാശമാണെന്നും ഭരണഘടനയുടെ 21A അനുഛേദം പ്രഖ്യാപിക്കുന്നുണ്ട്.

———————————

## സൗജന്യ നിയമസഹായത്തിന് അർഹരായ വിഭാഗങ്ങൾ

1. പട്ടികജാതി-പട്ടിക വർഗ്ഗത്തിൽപ്പെട്ടവർ.

2. നിർബന്ധിത വേലക്ക് വിധേയരാക്കപ്പെട്ടവർ.

3. സ്ത്രീകളും കുട്ടികളും.

4. വികലാംഗർ.

5. പ്രകൃതി ക്ഷോഭത്തിനോ, വംശീയ അതിക്രമത്തിനോ ഇരയായവർ.

6. വ്യവസായ തൊഴിലാളികൾ.

7. കസ്റ്റഡിയിൽ എടുക്കപ്പെട്ടവർ.

എന്നിവർക്ക് വരുമാന പരിധി ഇല്ലാതെയും.

8. മറ്റുള്ളവർക്ക് 1,00,000 രൂപയിൽ താഴെ വാർഷിക വരുമാനം എന്ന പരിധിയ്ക്ക് വിധേയമായും സൗജന്യ നിയമ സഹായം ലഭിക്കും

# സ്ഥിരം ലോക് അദാലത്ത്

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകൾക്കായി തിരുവനന്തപുരത്തും ആലപ്പുഴ, ഇടുക്കി, കോട്ടയം, എറണാകുളം തൃശ്ശൂർ എന്നീ ജില്ലകൾക്കായി എറണാകുളത്തും പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോട് എന്നീ ജില്ലകൾക്കായി കോഴിക്കോടും താഴെ വിവരിക്കുന്ന പൊതുജന സേവന മേഖലകളിലെ സേവനങ്ങളെ സംബന്ധിച്ചുള്ള പരാതികൾ പരിഗണിക്കുന്നതിനായി സ്ഥിരം ലോക് അദാലത്ത് പ്രവർത്തിച്ചുവരുന്നു.

1) ജലം, വായു, കരമാർഗ്ഗമുള്ള യാത്ര
2) ചരക്ക് ഗതാഗതം
3) തപാൽ
4) ടെലിഫോൺ
5) കുടിവെള്ളം
6) വൈദ്യുതി
7) പൊതു ശുചീകരണം
8) ആശുപത്രികൾ, ഡിസ്പെൻസറികൾ
9) ഇൻഷുറൻസ്
10) വിദ്യാഭ്യാസം
11) റിയൽ എസ്റ്റേറ്റ്

## ബന്ധപ്പെടേണ്ട നമ്പരുകൾ

| | | |
|---|---|---|
| തിരുവനന്തപുരം | – | 0471 2474855 |
| എറണാകുളം | – | 0484 2345950 |
| കോഴിക്കോട് | – | 0495 2367400 |

ഹെൽപ്പ് ലൈൻ നമ്പർ: 9846 700100
(24 മണിക്കൂറും സൗജന്യ സേവനം)

**സൗജന്യ നിയമസേവനങ്ങൾക്കും സഹായങ്ങൾക്കുമായി ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികളുമായി ബന്ധപ്പെടുക.**

| ജില്ല | ഫോൺ നമ്പർ |
|---|---|
| തിരുവനന്തപുരം | 0471 - 3257335 |
| കൊല്ലം | 0474 - 2791399 |
| പത്തനംതിട്ട | 0468 - 2220141 |
| കോട്ടയം | 0481 - 2302422 |
| ആലപ്പുഴ | 0477 - 2262495 |
| തൊടുപുഴ (ഇടുക്കി ജില്ല) | 0486 - 2255383 |
| എറണാകുളം | 0484 - 2344223 |
| തൃശ്ശൂർ | 0487 - 2363770 |
| പാലക്കാട് | 0491 - 2505665 |
| മഞ്ചേരി (മലപ്പുറം ജില്ല) | 0483 - 3244151 |
| കോഴിക്കോട് | 0495 - 2366044 |
| കൽപ്പറ്റ (വയനാട് ജില്ല) | 04936 - 207800 |
| തലശ്ശേരി (കണ്ണൂർ ജില്ല) | 0490 - 2326766 |
| കാസർഗോഡ് | 0499 - 4256189 |

കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റി
നിയമ സഹായഭവൻ, ഹൈക്കോടതി കോമ്പൗണ്ട്
കൊച്ചി 682 031
ഫോൺ: 0484 2396717, 2562919

email: kelsakerala@gmail.com, website: www.kelsa.nic.in

Printed and Published from Kochi by Kerala State Legal Services Authority ,Kochi.
Printed at Cochin Printech Pvt. Ltd., Eloor, Cochin-01 Ph: 0484-2547256